
Official Monthly Bulletin

July 2013

# MARIAN



**St. Mary's Indian Orthodox Cathedral**

P.O.Box 834, Manama, Kingdom of Bahrain Tel: 17252980 Fax: 17276092

E-mail: info@stmarybahrain.com Website: www.stmarybahrain.com

*In Loving Memory of:-*



**Late. Jacob Thundiyil Yohannan**
**Died on 24-05-2013**

***Hearfelt condolence for***
***our beloved Member***
***By Managing Committee 2008.***

# MARIAN

## എഡിറ്റോറിയൽ



Monthly News Bulletin
**St. Mary's Indian Orthodox Cathedral**
Kingdom of Bahrain
July 2013, Issue VI



**H.G. Geevarghese Mar Dioscoros**
(Former Vicar)
Memorial Day -July 23

സംഭവങ്ങളും പ്രതികരണങ്ങളും – ഇവ രണ്ടും ചേർന്ന ജീവിതമാണ് നമ്മുടെ ജീവിതം. ജീവിതത്തിൽ എന്തെങ്കിലും ഒന്നു സംഭവിക്കുന്നു. അതിനോട് നമ്മൾ ചിന്ത, വാക്ക്, പ്രവൃത്തി എന്നിവ കൊണ്ട് പ്രതികരിക്കുന്നു. ഇങ്ങനെയാണ് ഓരോ ദിവസത്തേയും ജീവിതം മുന്നോട്ട് പോകുന്നത്. അഥവാ സംഭവങ്ങളുടേയും അവയോടുള്ള പ്രതികരണങ്ങളുടേയും ആകെ തുകയാണ് ജീവിതമെന്നു പറയാം.

നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നത് വാസ്തവത്തിൽ വളരെ കുറച്ച് മാത്രമേയുള്ളൂ. കൂടുതലും അവയോടുള്ള പ്രതികരണമാണ്. ഒരാൾ നമുക്കെതിരെ എന്തെങ്കിലുമൊന്നു ചെയ്യുന്നു അല്ലെങ്കിൽ പറയുന്നു. അതു മാത്രമാണ് ആ സമയത്ത് നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നത്. എന്നാൽ അപ്പോഴേക്കും നമ്മൾ ചിന്തകളും സങ്കൽപങ്ങളും കൊണ്ട് അതിനെതിരെ പ്രതികരിക്കുവാൻ തുടങ്ങുകയായി. തുടർന്നു വാക്കു കൊണ്ടും പ്രവൃത്തി കൊണ്ടും അതിനോട് പ്രതികരിക്കുന്നു. ചുരുക്കത്തിൽ, നാം യഥാർത്ഥത്തിൽ അഭിമുഖീകരിക്കുന്ന കാര്യങ്ങൾ എന്താണ്? അവയോടുള്ള നമ്മുടെ പ്രതികരണം എന്താണ്? എന്നു വസ്തുതകളെ രണ്ടായി കാണുകയും അവ തമ്മിലുള്ള അനുപാതത്തിൽ വലിയ അന്തരം ഉണ്ടാകാതെ സൂക്ഷിക്കുകയും ചെയ്താൽ അതിരു വിട്ട് പ്രതികരിക്കുന്നത് നമുക്ക് ഒഴിവാക്കാൻ കഴിയും.

ഏതു പ്രകോപനത്തോടും നാം രണ്ടിലൊരു വിധത്തിലാണ് പ്രതികരിക്കുന്നത്. ഒന്നുകിൽ തിന്മയുടെ പക്ഷത്തുനിന്നുകൊണ്ട് തെറ്റായ നിലയിൽ, അല്ലെങ്കിൽ നന്മയുടെ ഭാഗത്തുനിന്ന് ശരിയായ നിലയിൽ.

തിന്മയോട് തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുവാൻ ദൈവം നമ്മേ ശക്തരാക്കട്ടെ.

സ്നേഹപൂർവ്വം,

തോമസ്സ് വൈദ്യൻ പീ.കെ.
ചീഫ് എഡിറ്റർ

**Editorial Board**

| | | |
|---|---|---|
| Chief Editor | : | Thomas Vaidyan P.K. |
| Editors | : | Robby Punnen , Sijumon Chacko |
| Photos | : | Diju John, Lijo |
| Type Setting | : | Mathew Varghese |

Published by St. Mary's Indian Orthodox Cathedral, Kingdom of Bahrain
for private circulation among Cathedral members only.



കർത്താവിൽ പ്രിയരേ,

കഴിഞ്ഞ ഒരു മാസക്കാലം അനുഗ്രഹീതമായ ഈ ദേവാലയത്തിലെ ദൈവീക ശുശ്രൂഷകളും ദൈനംദിന പ്രവർത്തനങ്ങളും നിങ്ങളോട് ചേർന്ന് നിർവ്വഹിക്കുവാൻ ഇടയാക്കിയ ദൈവത്തെ സ്തുതിക്കുന്നു.

ദൈവദത്തമായി ലഭിച്ച കൃപകളെക്കുറിച്ചും കഴിവുകളെ കുറിച്ചുമുള്ള ബോദ്ധ്യമില്ലായ്മ ഒരോ മനുഷ്യനിലും ദൈവത്തിൻെറ ഇടപെടൽ മനസ്സിലക്കാൻ വിഘാതമാകുന്നു.

What I have I give you" (Acts 3:6) എന്ന പത്രോസ് ശ്ലീഹായുടെ വാക്കുകൾ തനിക്ക് ദൈവത്തിൽ നിന്നും ലഭിച്ച അമൂല്യ കൃപകളേക്കുറിച്ചുള്ള തിരിച്ചറിവാണ് പ്രകടമാക്കുന്നത്.

മലങ്കരസഭയുടെ അംഗീകൃത നോമ്പുകളിൽ പ്രധാനപ്പെട്ട നോമ്പായ ശ്ലീഹാനോമ്പ് ഈക്കാലയളവിൽ സമുചിതമായി ആചരിക്കുവാൻ ദൈവം ഇടയാക്കി. നമ്മുടെ കർത്താവായ ക്രിസ്തുവിൻെറ കൂടെ നടന്ന് അവൻെറ സുവിശേഷത്തെ ലോകം മുഴുവൻ പ്രചരിപ്പിച്ച വി.ശ്ലീഹന്മാരെ ഓർക്കുക എന്നതായിരുന്നു ഈ നോമ്പിൻെറ പ്രസക്തി. നോമ്പുകൾ തിന്മയെ തോൽപ്പിക്കുവാനും നന്മയെ സ്വീകരിക്കുവാനുമുള്ള അവസരമായി നാമോരോരുത്തരും കണക്കാക്കണം.

ഇവിടെ, ഈ പവിഴദ്വീപിൽ നമ്മുടെ പൂർവ്വികർ വിശ്വാസത്തിൻെറ തീക്ഷണതയിൽ പരിമിതികളെ മറികടന്ന് ആദ്യമായി വി.കുർബാന അർപ്പിച്ചതിൻെറ 75ാം വാർഷികം ആഘോഷിക്കുവാൻ ഇക്കാലയളവിൽ സാധിച്ചു. (കൊച്ചാണ്ടിയെയും കുടുംബത്തെയും പ്രത്യേകം സ്മരിക്കുന്നു)

United Nations ൻെറ Public Service Award 2013 നേടിയ നമ്മുടെ സഭാംഗവും കേരളത്തിൻെറ മുഖ്യമന്ത്രിയുമായ ബഹു. ഉമ്മൻ ചാണ്ടിക്കും കുടുബത്തിനും, നഗരവികസന മന്ത്രി ശ്രീ. കെ.സി ജോസഫിനും കത്തീഡ്രലിൻെറ വകയായി ഹൃദ്യമായ സ്വീകരണം നൽകുകയുണ്ടായി.

World Blood Doner Day യോടനുബന്ധിച്ച് യൂത്ത്മൂവ്മെൻറിൻെറ നേതൃത്വത്തിൽ നടത്തപ്പെട്ട രക്തദാനം ഇടവകയിലെ അംഗങ്ങളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

'Humple yourself before the Lord' എന്ന ചിന്താവിഷയവുമായി ഈ വർഷത്തെ 'OVBS' നമ്മുടെ ഇടവകയിൽ ചിട്ടയായും ഭംഗിയായും നടന്നുവരുന്നു.

മുൻ ഇടവകാംഗങ്ങളും അവരുടെ കുടുബാംഗങ്ങളോടുമൊപ്പം നാട്ടിലേക്ക് Annual Vacation ന് പോകുന്ന എല്ലാ കത്തീഡ്രൽ അംഗങ്ങളേയും പങ്കെടുപ്പിച്ചു കൊണ്ട് നടത്തുന്ന Indo Bahrain Family Meet വിജയപഥത്തിൽ എത്തിക്കുവാൻ നമുക്കൊത്തൊരുമിച്ച് പ്രവർത്തിക്കാം.

നാട്ടിലേക്ക് അവധിക്കാലം ആഘോഷിക്കുവാൻ പോകുന്ന എല്ലാ കത്തീഡ്രൽ അംഗങ്ങൾക്കും സന്തോഷകരവും ആനന്ദപ്രദവുമായ അവധിക്കാലം ആശംസിക്കുന്നു.

ദൈവം ഏൽപ്പിച്ചിരിക്കുന്ന ചുമതലകൾ സത്യസന്ധതയോടെയും ആത്മാർത്ഥതയോടെയും കാര്യക്ഷമതയോടെയും കൂടി ചെയ്തു തീർക്കുവാൻ 12 ശിഷ്യന്മാരേപ്പോലെ നമുക്കും സർവ്വശക്തനിടയാക്കട്ടെയെന്ന് പ്രാർത്ഥിച്ച് കൊണ്ട്

സ്നേഹത്തോടെ,

വർഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ അച്ചൻ.



സ്നേഹനിധികളായ ഇടവക ജനങ്ങളെ,

വലിയൊരു ധനവാനാകണമെന്ന ആഗ്രഹം ജീവിതത്തിൽ ഒരിക്കലെങ്കിലും തോന്നിയിട്ടില്ലാത്തവർ ആരും ഉണ്ടാകില്ല. കൈനിറയെ പണം, കണ്ണഞ്ചിപ്പിക്കുന്ന ജീവിതസൗകര്യങ്ങൾ, ജനങ്ങളുടെ സ്നേഹാദരവുകൾ ഇങ്ങനെ ധനികനാവുന്നതിനുള്ള മോഹങ്ങൾക്ക് ചിറകുകൾ ആയിരങ്ങളാണ്. മനുഷ്യൻെറ ദിവാസ്വപ്നങ്ങളിൽ വളരെയധികവും നാളെ താനൊരു സൗഭാഗ്യവാൻ ആകുന്നതിനേക്കുറിച്ചാണ്. സദൃശവാക്യകാരൻ കർത്താവിനോടു നടത്തുന്ന പ്രത്യേക പ്രാർത്ഥനയുണ്ട്.“ ദൈവമേ എനിക്കധികം ധനം തരരുതേ. സമ്പന്നതയുടെ അഹങ്കാരത്തിൽ ഞാൻ ദൈവത്തെ മറന്നുപോയാലോ?” ദൈവം ഇല്ലെങ്കിലും എൻെറ മണീപവ്വർ കൊണ്ട് ജീവിക്കാം എന്ന് തോന്നിയാലോ?, ഇതുകൊണ്ടാണ് ദാവീദ് രാജാവ് പറയുന്നത് ധനവും മാനവും നിങ്കൽ നിന്ന് വരുന്നു. നീ സർവ്വവും ഭരിക്കുന്നു. ദൈവം അനുവദിച്ചു തരുന്ന വലിയൊരു അനുഗ്രഹമാണ് സമ്പത്ത്. സഭക്കും ആതുരസേവനങ്ങൾക്കുമായി തുറന്നമനസ്സോടെ കൊടുക്കുന്ന വലിയൊരു വിഭാഗം നമ്മുടെ സമൂഹത്തിലുണ്ട്. ദൈവത്തിൻെറ അനുഗ്രഹമായ ധനത്തിൻെറ കാവൽക്കാരായി ദൈവം ചിലരെ മാത്രം തിരഞ്ഞെടുക്കുന്നത് ഇതു കൊണ്ടാണ്. ധനം കൈകാര്യം ചെയ്യാൻ അപ്രാപ്തരാണ് എന്ന് ബോദ്ധ്യപ്പെട്ടാൽ അവരിൽ നിന്നും പിടിച്ചുവാങ്ങി മെച്ചമായി ചുമതല വഹിക്കുന്നവരുടെ കൈയ്യിൽ ഏൽപ്പിക്കും. തനിക്കും തൻെറ അനന്തരതലമുറക്കുമായി മാത്രം കൂട്ടിവെയ്ക്കുന്ന സ്വാർത്ഥചിന്താഗതിക്കാരെ ദൈവം വിളിക്കുന്നത് വിഡ്ഢി എന്നാണ്. ഇത്തരക്കാരുടെ സ്വർഗീയ പ്രവേശനത്തെയാണ് ദൈവം ആലാത്ത് സൂചിക്കുഴലിലൂടെ കടക്കുന്ന പോലെ ബുദ്ധിമുട്ടാണ് എന്ന് പറഞ്ഞിരിക്കുന്നത്. പണം വാരിക്കൂട്ടാൻ കഴിയാത്തതിൽ ദു:ഖിക്കരുത്. ഇപ്പോഴത്തെ ദാരിദ്ര്യവും ഇല്ലായ്മയും നമുക്കും നമ്മുടെ മക്കൾക്കും നല്ലതാണ്.ദൈവാശ്രയത്തോടെ ജീവിക്കുവാൻ സാമ്പത്തിക ബുദ്ധിമുട്ട് നമ്മെ സഹായിക്കും. ദരിദ്രനായി വളർന്നാൽ മാത്രം കിട്ടുന്ന ചില പാഠങ്ങൾ
ഈ കാലയളവിൽ പഠിക്കുവാനാകും. നമുക്ക് തന്നിട്ടുള്ള അൽപത്തിൽ സംതൃപ്തനാകുക. അല്പത്തിൽ വിശ്വസ്തനായും അധികത്തിന് കൊള്ളാവുന്നവരുമായി ഇരിക്കുവാൻ നമുക്കോരുരുത്തർക്കും സധിക്കട്ടെ.
കേരളാ മുഖ്യമന്ത്രി ബഹു: ഉമ്മൻ ചാണ്ടിയും കുടുബവും മന്ത്രി ശ്രീ കെ.സി ജോസഫ് എന്നിവരുടെ സന്ദർശനം നമ്മുടെ കത്തീഡ്രലിൻെറ മറക്കാനാകാത്ത നിമിഷങ്ങളാണ്. ഈ വർഷത്തെ ഓ.വി.ബി.എസ് അനുഗ്രഹപ്രദമായി നടത്തുവാൻ എത്തിയ അനീഷ് പീറ്റർ ശെമ്മാശ്ശനോടുള്ള നന്ദി രേഖപ്പെടുത്തുന്നു. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പെരുനാളും മർത്തോമ്മ ശ്ലീഹായുടെ ദുക് റോനോ പെരുനാളും ഭംഗിയായി നടത്തുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു.
ഒരു അവധിക്കാല മൂഡിലേക്ക് പ്രവേശിച്ചിരിക്കുന്ന ഈ വേളയിൽ നാട്ടിലേക്ക് യാത്ര പോകുന്ന എല്ലാവർക്കും സന്തോഷകരമായ ഒരവധിക്കാലം ആശംസിക്കുന്നു. എല്ലാവരും മറക്കാതെ Indo Bahrain Family Meet ൽ പങ്കെടുക്കുവാൻ പരിശ്രമിക്കുമല്ലോ. ഇവിടെയുള്ള കുഞ്ഞുങ്ങൾക്കായി നമ്മൾ സംഘടിപ്പിക്കുന്ന സമ്മർക്യാമ്പ് ഭംഗിയായി നടത്തുവാൻ ദൈവം ഇടയാകട്ടെ.

ഒത്തിരി ഒത്തിരി
സ്നേഹത്തോടെ,
നിങ്ങളുടെ സ്വന്തം

**ജേക്കബ് പുല്ലാക്കുടിയിൽ**

# From Cathedral Acting Trustee



പ്രിയപ്പെട്ട സഹോദരീ സഹോദരങ്ങളെ

ഭൗതീക സമ്പന്നത ആത്മീയ ദാരിദ്യത്തെ കടന്നാക്രമിക്കുമ്പോൾ ദൈവമാണ് സകലത്തിലും മതിയായവൻ എന്ന ചിന്ത പറന്നകലുന്നു. എന്നാൽ ശ്ലീഹന്മാർ പരിശുദ്ധാത്മാഭിഷേകത്തിനു ശേഷം സാക്ഷ്യപ്പെടുത്തിയത് ആത്മീയ ദാരിദ്യമാണ്. ദൈവമനുഷ്യൻെറ സമ്പന്നത എന്നാണ്. വഴിയാത്രക്ക് വടിയും പൊക്കണവും അപ്പവും പണവും ഒന്നും കരുതരുത്. (വി. ലൂക്കോസ് 9: 3 ) എന്ന് കർത്താവ് ശിഷ്യന്മാരോട് കൽപ്പിച്ചു. ഭാരതത്തിൻെറ അപ്പോസ്തോലനായ വി.. തോമ്മാശ്ലീഹാ ഗോണ്ടഫോറസ് രാജാവിൽ നിന്ന് കൊട്ടാരം പണിക്കുവേണ്ടി പൊന്നും വെള്ളിയും വാങ്ങി ദരിദ്രർക്ക് പങ്ക് വെച്ചുകൊടുത്ത് ഭൗതിക സമ്പന്നതയുടെ തടങ്കലിൽ നിന്നും മോചനത്തിൻെറ മാർഗ്ഗം കാണിച്ചു തന്നു.
സഹതാപം, സഹിഷ്ണത, സഹജീവികളെക്കുറിച്ചുള്ള കരുതൽ ഇവ ദൈവാത്മാവുള്ളവൻെറ ലക്ഷണമാണ്. നീ തളർന്നിരിക്കേണ്ടവനല്ല, നീ തളർന്നാലും നിന്നെ കൈപിടിച്ചുയർത്തേണ്ടത് എൻെറ കർത്തവ്യമാണ്. എന്ന മനുഷധർമ്മം മനുഷ്യൻ മറക്കാതിരുന്നാൽ ഇവിടെ ദൈവരാജ്യം സമാഗതമാകും. തളർന്നവനെ പത്രോസ് ശ്ലീഹാ വലങ്കൈ പിടിച്ചെഴുന്നേൽപിച്ചു. അവൻ ക്ഷണത്തിൽ കുതിച്ചെഴുന്നേറ്റു. അവൻെറ അംഗവിക്ഷേപങ്ങൾ ആരേയും അൽഭുതപ്പെടുത്തുന്നതായിരുന്നു. അവൻ നടന്നും തുള്ളിയും ദൈവത്തെ പുകഴ്ത്തിയും കൊണ്ട് പത്രോസിനോടും യോഹന്നാനോടും കൂടെ ദൈവാലയത്തിൽ കടന്നു. (അ.പ്ര 3:8)

നല്ല ശമര്യാക്കാരൻെറ ഉപമയിൽ ( വി. ലൂക്കോസ് 10: 30–37 ) സമൂഹത്തിൻെറ മൂന്ന് മനോഭാവങ്ങൾ കർത്താവ് വ്യക്തമാക്കുന്നു. കള്ള്ൻെറ മനോഭാവം " നിൻെറതെല്ലാം ഇന്നത്തെ സമൂഹത്തിന് മാതൃകയാകേണ്ട മനോഭാവമാണ്, എൻേറതെല്ലാം നിൻേറതു കൂടെ,' അവന് അപരിചിതൻ പോലും ആത്മ മിത്രത്തെപ്പോലെ ആയി.
അഴിഞ്ഞു പോകുന്ന വെള്ളിയിലും പൊന്നിലും പണിയിക്കപ്പെടുന്ന മന്ദിരങ്ങളെക്കാൾ അഴിവില്ലാത്ത ധനമായ ദൈവശക്തിയിൽ പണിയപ്പെടുന്ന മന്ദിരങ്ങൾ നാം ആയിത്തീരുമെങ്കിൽ, നമുക്ക് എല്ലാ വെള്ളിയാഴ്ചകളും ' അനുഗ്രഹ വെള്ളിയാഴ്ച്ച' കളായി പരിണമിക്കും.

ആശ്വാസ പ്രദൻ നമ്മെ അനുഗ്രഹിക്കട്ടെ

സ്നേഹപൂർവ്വം
ആക്ടിങ്ങ് ട്രെസ്റ്റി.
സാംകുട്ടി തങ്കച്ചൻ.




Induction Ceremony of New Vicar






Sunday Schooll



Gaveliers Club

Fare well to  beloved Vicar Fr. Jacob Koshy





Appreciation to our Chuch Members





OVBS 2013




OVBS 2013



OVBS 2013 Songs CD Release



Fare Well

MGOCSM Seminar













Hon. Kerala Chief Minister  Mr. Oommen Chandy Visit our Cathedral












Summer Fiesta'13
Share
14th July 2013 to 14th August 2013
Timing: 6.30pm to 9.30 pm
Venue: Mar Theophilus Hall


St.Mary's Indian Orthodox Cathedral
P.O.Box 834, Manama, Kingdom of Bahrain Tel : 17252980 Fax 17276092
Email : stmarys@batelco.com.bh Website : www.stmarybahrain.com
INDO-BAHRAIN
ORTHODOX FAMILY MEET-2
On Sunday ,the 28th July 2013 at
Orthodox Theological Seminary
(Pazhaya Seminary)
Chungom, Kottayam




St.Mary's Indian Orthodox Cathedral
P.O.Box 834, Manama, Kingdom of Bahrain Tel : 17252980 Fax 17276092
Email : stmarys@batelco.com.bh Website : www.stmarybahrain.com

# INDO-BAHRAIN ORTHODOX FAMILY MEET-2

On Sunday ,the 28th July 2013 at
Orthodox Theological Seminary
(Pazhaya Seminary)
Chungom, Kottayam

ചർച്ച് ഏരിയാ സൗത്തിൽ താമസിക്കുന്ന ശ്രീ.കെ.കെ പൗലോസിൻെറ സഹോദരൻ കെ.കെ യോഹന്നാൻ (65) 4/06/2013 ചൊവ്വാഴ്ച്ച കർത്താവിൽ നിദ്ര പ്രാപിച്ചു . ശവസംസ്കാരം കോലഞ്ചേരി സെൻറ് പീറ്റേഴ്സ് സെൻറ്പോൾസ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

---

ഷെയ്ക്ക് ഹമദ് ലൂലു ഏരിയായിൽ താമസിക്കുന്ന ശ്രീ. കെ ജെ തോമസ്സിൻെറ പിതാവ് വർഗീസ് എം തോമസ്സ് 26/06/2013 ൽ കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം സെൻറ് ഗ്രീഗോറിയോസ് ഓർത്ത്ഡോക്സ് ചർച്ച് വളഞ്ഞവട്ടം പള്ളിയിൽ വെച്ച് നടത്തപെട്ടു.

---

ഇസാഠൗൺ സൽമാബാദ് ഏരിയായിൽ താമസിക്കുന്ന ശ്രീ. സജി വർഗീസിൻെറയും വർഗീസ് മാത്യുവിൻെറ യും മാതാവ് 12/06/2013 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു ശവസംസ്കാരം സെൻറ് മേരീസ് ഓർത്ത്ഡോക്സ് ചർച്ച് പുളിക്കീഴ്, വളഞ്ഞവെട്ടം പള്ളിയിൽ വെച്ച് നടത്തപെട്ടു.

---

മുഹറക്ക് ഏരിയായിൽ താമസിക്കുന്ന ശ്രീ വി.എ മാത്യുവിൻെറ പിതാവ് വി. പി എബ്രഹാം 9/06/2013 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം സെൻറ് ജോർജ് ഓർത്ത്ഡോക്സ് ചർച്ച് ചാത്തന്നൂരിൽ നടത്തപ്പെട്ടു.

---

ചർച്ച് ഏരിയാ സൗത്തിൽ താമസിക്കുന്ന ശ്രീ. ബിനു വേലിയിൽൻെറ ഭാര്യാ പിതാവ് പി.ഓ വർഗീസ് (69 വയസ്സ്) കർത്താവിൽ നിദ്ര പ്രാപിച്ച്. ശവസംസ്കാരം എളംകുളം ലിറ്റിൽ ഫ്ലവർ കാത്തലിക് ചർച്ചിൽ നടത്തപ്പെട്ടു.

---

## Holy Land Visit

യുവജനപ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ ഒക്റ്റോബർ 14 മുതൽ 23 വരെ ഹോളി ലാൻറ് വിസിറ്റ് നടത്തപ്പെടുന്നു. താൽപര്യം ഉള്ളവർ യുവജനപ്രസ്ഥാനം സെക്രട്ടറി- ശ്രീ. ഷിബു ജോർജ്ജുമായോ, കോർഡിനേറ്റർ ശ്രീ . ബിനു പാപ്പച്ചനുമായി ബ്ന്ധപ്പെടുക.

## ഇന്ത്യോ ബഹറിൻ കുടുംബ സംഗമം

അഞ്ചുവർഷത്തിൽ ഒരിക്കൽ നാട്ടിൽ നടക്കുന്ന ഇന്ത്യോ ബഹറിൻ കുടുംബ സംഗമം കോട്ടയം ഒർത്ത്ഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ(പഴയ സെമിനാരി) പരി: വട്ടശേരിൽ തിരുമേനിയുടെ കബറിടാങ്കണത്തിൽ വെച്ച് 2013 ജൂലൈയ് 28 ഞായറാഴ്ച്ച് നടത്തപ്പെടുന്നു. നാട്ടിൽ അവധിക്ക് പോകുവാൻ ആഗ്രഹിക്കുന്ന ഏവരും ഇതിൻ പ്രകാരം ക്രമീകരണം ചെയ്യുവാൻ താൽപര്യപ്പെടുന്നു, ഏല്ലാവരെയും പ്രത്യേകം ക്ഷണിക്കുന്നു.

"St. Mary's Gaveliers meeting is normally held on every alternate Fridays between 5.00 to 6.30 PM except other ovelapping functions. This Toast Masters program meant for student from Std VII to XII (age group of 12 to 18 years)

Children are encouraged to attend the program.
For memebership and details, please contact
**Mr. Mathew Easo on 39330165/ 330 76560."**



**Mr. Ginoj K. Mathew**
Kalathil House, Thottamon,
Ranny Post, Pathanamthitta
Diocese: Nilakkal
Parish: St. Thomas Orthodox Cathedral
Mob: 39113756
Roll No: 2231
Area: Salmaniya



**Mr. Reji George**
Reji Bhavan, Kalayapuram
Thekketheri Post, Kottarakkara, Kollam
Parish: Mar Baselious Orthodox Church
Diocese: Adoor-Kadampanadu
Mob: 33900677,
Roll No.2232
Area: West Riffa



**Mr. Shibin Joy**
Palavila Thazhethil,Thekkumpuram
Puthoor P.O., Kollam
Parish: St. George Orthodox Valiya Palli
Diocese: Kollam
Mob: 36634471
Roll No:2233
Area: Gafool



**Mr. Alex Varghese**
R-101 Indraprastha
Memnagar P.O.,Ahmedabad,Guharat
Parish: Ahmedabad Orthodox Church
Diocese: Ahmedabad
Mob: 36783611
Roll No.2234
Area: Manama



**Mr. Biji John**
Kalluzhathil House,
Chenganoor, Pathanamthitta
Parish: Chenganoor Orthodox Valiya Palli
Diocese: Chenganoor
Mob:36195962
Roll No:2235
Area: Salmaniya



**Mr. C. Joy**
Perumpallil Puthen Veedu,
West Kallada Post,Aithottuva, Kollam.
Parish: St. Mary's Orthodox Church
Diocese: Kollam
Mob: 39005705
Roll No.2236
Area: Gudaibiya



**Mr. Abraham Kurian**
Vadakkal House
Kallumkal P.O., Thiruvalla, Pathanamthitta
Parish: St. George Orthodox Church
Diocese: Chenganoor
Mob:34316115
Roll No:2237
Area: Khamis



**Mr. Rony Kuriyakose Bahanan**
Puthen Purackal,Valanjavattom P.O.,
Thiruvalla, Pathanamthitta.
Parish: St. Mary's Orthodox Church
Diocese: Niranam
Mob: 39913302
Roll No.2238
Area: Salmaniya



## ആശംസകൾ

**KCEC** യുടെ ഈ വർഷത്തെ പ്രസിഡൻറ് ആയി തെരഞ്ഞെടുക്കപ്പെട്ട റവ. ഫാ. വർഗ്ഗീസ് യോഹന്നാൻ വട്ടപ്പറമ്പലിന് ഇടവകയുടെ അനുമോദനങ്ങൾ

| Date | Time | Area | Address /Venue |
|---|---|---|---|
| **05/07/2013** | **12:00 P.M.** | **Riffa /Sitra** | **Adv.V.K.Thomas**<br>Flat: L267, Bldg: 1763, Road:4315<br>Riffa Views. Mob: 39442560 |
| **08/07/2013** | **8:00 P.M.** | **Isa Town-Salmabad** | **Mr. Mathew Ninan**<br>Flat: 1, Bldg: 2741, Road:4579<br>Salmabad, Mob: 39220139 |
| **12/07/2013** | **4:30 P.M.** | **Gafool-Kaamis** | **Mr. Reji M . Varghese**<br>Flat:31, Bldg: 280, Road: 1207<br>Gafool, Near AMA, Mob: 66398900 |
| **12/07/2013** | **6:00 P.M.** | **Church South** | **Mr. Sajan Koshy**<br>Flat: 308, Bldg: 419, BFC Bldg<br>Salmaniya, Mob: 36222714 |
| **12/07/2013** | **6:00 P.M.** | **Gudaibiya** | **Mr. Binu George**<br>Flat:12,Bldg:211,Opp. Universal Food<br>Gudaibiya, Mob: 38444115 |
| **12/07/2013** | **7:30 P.M.** | **American Mission** | Hosted by **Mr.Anish Markose Philip**<br>Theophilus Hall, SMIOC<br>Mob: 39594667 |
| **19/07/2013** | **7:30 P.M.** | **Muharraq** | Hosted by **Mr. Biji Mathew**<br>Theophilus Hall, SMIOC<br>Mob: 39095841 |
| **26/07/2013** | **4:30 P.M.** | **Salmaniya** | Hosted by **Mr. Sunu Kuruvilla**<br>Theophilus Hall, SMIOC<br>Mob: 36599206 |
| **26/07/2013** | **6:00 P.M.** | **Sh.Hammad-Lulu** | **Mr. Robin Abraham**<br>Flat: 2,Bldg:642, Road:315<br>Mob: 39302811 |
| **26/07/2013** | **7:15 P.M.** | **Manama** | **Mr. Jacob O.A**<br>Flat: 302,Bldg:1583, Road:227,<br>Mob: 39133347 |
| | | **Hoora** | To be Announced |
| | | **Sugaiya/Zinj** | To be Announced |

പള്ളിപരിസരത്ത് വാഹനങ്ങൾ പാർക്ക് ചെയ്ത് പരിസരവാസികൾക്ക്
അസൗകര്യം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക

# Favours Received



**Blessan K. George**
**Jisha Sara Blessan**
**Nathiya Mariyam Blessan**
**Nithya Elsa Blessan**



**Alex Baby**
**Rene Alex**
**Alex George Baby**
**Andrew Baby Alex**




**Jibin George M. John**



**Joy P. Philipose**
**Sominy Joy**
**Josilin Joy**
**Jerin P. Joy**



**Well Wisher**



**Well wisher**

*In Loving Memory of:-*



**Tinu Thomas**

**Born 5-10-1986 - Died 5-7-2011**